(എ) നിലവിലുള്ള തുഞ്ചൻ സ്മാരക ട്രസ്റ്റ് അധികാരമേൽക്കുന്നതിനു മുമ്പ് തുഞ്ചൻ ഉത്സവം നടത്തിയിരുന്നത് എന്നായിരുന്നു;

(ബി) നിലവിലുള്ള ട്രസ്റ്റ് അധികാരമേറ്റ നാൾ മുതൽ പ്രസ്തുത ഉത്സവം നടത്തുന്നത് എന്നാണ്; തുഞ്ചത്താചാര്യൻ ആരാധന നടത്തിയിരുന്ന ഒരു ക്ഷേത്രം തുഞ്ചൻ പറമ്പിലുണ്ടോ;

(സി) അവിടെ ഇപ്പോൾ എന്തെല്ലാം പൂജകളാണ് നടത്തുന്നതെന്ന് വെളിപെടുത്താമോ;

(ഡി) അവിടെ നിത്യപൂജ നടത്താത്തതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) നിലവിലുള്ള തുഞ്ചൻ സ്മാരക ട്രസ്റ്റ് അധികാരമേൽക്കുന്നതിനുമുമ്പ് അതാതു കൊല്ലത്തെ സൗകര്യത്തിനനുസരിച്ച് ഡിസംബർ മുതൽ മാർച്ചു വരെയുള്ള മാസങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിലാണ് തുഞ്ചൻ ഉത്സവം നടത്തിയിരുന്നത്.

(ബി) നിലവിലുള്ള ട്രസ്റ്റ് അധികാരമേറ്റതിനുശേഷം ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ ഏതെങ്കിലും ദിവസങ്ങളിൽ നടത്തിപ്പിന്റെ സൗകര്യത്തിനനുസരിച്ച് ഉത്സവം നടത്തിപ്പോരുന്നു. തുഞ്ചത്താചാര്യൻ ആരാധന നടത്തിയിരുന്ന ഒരു ക്ഷേത്രം തുഞ്ചൻപറമ്പിൽ ഉണ്ട്.

(സി, ഡി) തുഞ്ചൻ സ്മാരകത്തിന്റെ ചരിത്രത്തിൽ അവിടെ നിത്യപൂജ നടത്തുന്ന സമ്പ്രദായം ഒരിക്കലും ഉണ്ടായിട്ടില്ല.

നെൽക്കൃഷിരംഗത്തെ പ്രതിസന്ധി

*21 [231] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ പ്രദേശത്താണ് ഇപ്പോൾ നെൽക്കൃഷി ചെയ്യുന്നത്;

(ബി) ഗ്രാമപ്രദേശങ്ങളിൽ ഒട്ടനവധി കർഷകർ നെൽക്കൃഷിയിൽനിന്നും പിൻവാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതിന് എന്തു പരിഹാരം കാണുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് 2002-03-ലെ കണക്കുപ്രകാരം 3,10,521 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്തുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നെൽക്കൃഷിയിൽനിന്നുള്ള കുറഞ്ഞ വരുമാനം, ഉല്പാദനച്ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ്, കുറഞ്ഞ ഉല്പാദനക്ഷമത, നെൽപ്പാടങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യുന്നത്, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവയാണ് കർഷകർ നെൽക്കൃഷിയിൽനിന്നും പിൻവാങ്ങുവാനുള്ള പ്രധാന കാരണങ്ങളായി കണ്ടിട്ടുള്ളത്.

(ഡി) ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചു. ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽകൃഷിക്ക് വൈദ്യുതി സൗജന്യം നൽകുന്നതുകൂടാതെ കൊയ്ത്തു സമയത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാധികൾ ലഭ്യമാക്കാനും, സംസ്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽക്കൃഷി വികസനത്തിനായി രൂപീകരിച്ചിട്ടുള്ള വികസന ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തരിശായി കിടക്കുന്ന നിലങ്ങളിൽ യുവാക്കളുടെ കൂട്ടായ്മയിൽ കൃഷി നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതിപ്രകാരം 2003-04 വർഷം 500 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800.68 ലക്ഷം രൂപയ്ക്കുമുള്ള നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ നെൽക്കൃഷിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമല വികസനത്തിന് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതി

*22 [232] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എൻ. ശക്തൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് എവിടെയെല്ലാം എത്ര ഹെക്ടർ ഭൂമി അനുവദിക്കണമെന്നാണ് ദേവസ്വം ബോർഡ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനാണ് ഈ ഭൂമി ആവശ്യപ്പെട്ടത്;

(സി) മതേതര കാര്യങ്ങൾക്ക് വനഭൂമി ആവശ്യപ്പെടുന്നത് ഏത് വിധത്തിലായിരിക്കണമെന്നാണ് സുപ്രീം കോടതി ഉത്തരവ്;

LIBRARY ARCHIVES Kerala Legislative Assembly